വചനവിചിന്തനം- 2010 ജൂൺ 20, ഞായർ

ലൂക്കാ 12 : 16 - 34

ഒരു ദിവസം മുപ്പത്തിയാറായിരം ചിന്തകളാണ് മനസ്സിലൂടെ കടന്നുപോകുന്നത്. അതിൽ മുപ്പതിനായിരം ചിന്തകളും കോടിശ്വരനാകുന്നതിൽ കേന്ദ്രീകരിച്ചാൽ മനസ്സൊരു ആണവോർജ്ജനിലയം പോലെ പ്രവർത്തിച്ച് നിങ്ങളെ കോടീശ്വരനാക്കും. രണ്ടായിരത്തിയൊമ്പത് നവംബർ മാസം പ്രസിദ്ധീകരിച്ച ധനം എന്ന ബിസിനസ്സ് മാഗസ്സിനിലെ 'നിങ്ങൾക്കും കോടീശ്വരനാകാം' എന്ന ലേഖനത്തിലെ ഒരു വാചകമാണിത്. ഒരു കോടീശ്വരനായാൽ ലോകം മുഴുവൻ എനിക്കധീനമായി, എന്റെ വാക്കിനു വേണ്ടി കാതോർക്കും, എന്റെ ചിന്തകൾക്കുമുമ്പിൽ ശിരസ്സുനമിക്കും, എന്റെ അപദാനങ്ങളെപ്പോഴും കീർത്തിക്കുമെന്നു കരുതുന്ന ഒരു ജനവിഭാഗം ഇന്നും ജീവിക്കുന്നു. ഇവിടെ ലക്ഷ്യം ഒന്നുമാത്രം, ചിന്തയൊന്നുമാത്രം: ഒരു കോടീശ്വരനാകുക. ഭൂമി എന്ന ഗ്രഹത്തിനപ്പുറത്തേയ്ക്കു സ്വർഗ്ഗമെന്ന സുന്ദരലോകത്തിലെ നിത്യജീവനെക്കുറിച്ച് തെല്ലു ചിന്തയില്ലാതെ ദൈവമെന്ന യാഥാർത്ഥ്യത്തെപ്പോലും മറന്നുജീവിക്കുന്ന ഒരു തലമുറയുടെ മുമ്പിലാണ് ഇന്നത്തെ സുവിശേഷത്തിന്റെ ഇതളുകൾ വിരിയുന്നത്. ഒരുവൻ അവനുവേണ്ടിമാത്രം ജീവിക്കുകയും സമ്പാദിക്കുകയും ചെയ്യുമ്പോൾ അവനു ദൈവത്തെയും സഹോദരങ്ങളെയും നഷ്ടമാകും. ഒരുവൻ ആശ്രയിക്കേണ്ടത് ഈ ലോകസമ്പത്തിലല്ല, സ്വർഗ്ഗസ്ഥനായ പിതാവിലാണ് എന്ന കേന്ദ്ര ആശയത്തെ അവതരിപ്പിച്ചുകൊണ്ട് ഈ ആഴ്ചയെ ധന്യമാക്കുവാൻ ഇന്നത്തെ സുവിശേഷം ക്ഷണിക്കുന്നു.

ഭോഷനായ ധനികന്റെ ഉപമയ്ക്കും അതേത്തുടർന്ന് ദൈവപരിപാലനയിൽ ആശ്രയിക്കാൻ പറയുന്നതിനും ഒരു പശ്ചാത്തലമുണ്ട്. പാലസ്തീനായിൽ എല്ലാവരാലും ബഹുമാനിക്കപ്പെടുന്ന ഒരു ഗുരുവിന്റെ അടുക്കൽ ചെന്ന് പ്രശ്നങ്ങൾ തീർക്കുകയെന്നത് സാധാരണമാണ്. പിതൃസ്വത്ത് താനുമായ് പങ്കുവയ്ക്കാൻ സഹോദരനോട് പറയണമെന്ന് പറയുന്ന മനുഷ്യൻ ഇത്തരത്തിൽ ഈശോയെ സമീപിച്ചവനാണ്. ആ യുവാവിനോടും തന്നെ കേൾക്കുവാൻ വന്ന ജനങ്ങളോടും ഈശോ പറഞ്ഞ ഉപമയുടെ പൊരുൾ എന്താണ്?

ഈ ഉപമയിലെ ഭോഷനായ ധനികൻ ലോകദൃഷ്ടിയിൽ വളരെ ബുദ്ധിമാനാണ്. തന്റെ മനസ്സിലുദിച്ച ആശയത്തെ നന്നായി വിശകലനം ചെയ്ത്, ആസൂത്രണം ചെയ്ത് അതിനെ പ്രവൃത്തിപഥത്തിലെത്തിക്കാൻ അയാൾക്കു സാധിച്ചു. വീണ്ടും അയാൾ പദ്ധതികൾ ആസൂത്രണം ചെയ്യുന്നു. എന്റെ ധാന്യപ്പുരകൾ പൊളിച്ച് കൂടുതൽ വലിയവ ഞാൻ പണിയും. അതിൽ എന്റെ ധാന്യവും വിളവുകളും സംഭരിക്കും. ദീർഘവീക്ഷണമുള്ള ഒരു സംരംഭകൻ. എന്നാൽ ഈശോ അവനെ ഭോഷൻ എന്നു വിളിക്കുന്നു. എന്തുകൊണ്ട്? ദൈവസന്നിധിയിൽ സമ്പന്നനാകാതെ തനിക്കുവേണ്ടിമാത്രം ശേഖരിച്ചവൻ. തനിക്കിത്രയും സമ്പത്തു നൽകിയ ദൈവത്തെക്കുറിച്ച് അവനു ചിന്തയില്ല. ദൈവമൊരുക്കിയ സാഹചര്യങ്ങൾ, നല്ല കാലാവസ്ഥ, മഴയും, വെയിലും ആനുപാതികം. അവനുവേണ്ടി നിലമൊരുക്കിയതുമുതൽ കൊയ്ത് പാത്രത്തിലാക്കിയ അനേക ജോലിക്കാരെക്കുറിച്ച് ചിന്തിക്കാത്തവൻ. 17 മുതൽ 19 വരെയുള്ള വാക്യങ്ങളിൽ ഞാൻ എനിക്ക് എന്നാവർത്തിച്ച സ്വാർത്ഥതയുടെ മനുഷ്യൻ തനിക്കുള്ളവ മുഴുവൻ ശേഖരിച്ച് ജീവിതം ആസ്വദിക്കുവാൻ വെമ്പൽക്കൊള്ളുന്ന അത്യാർത്തിയുടെ മനുഷ്യൻ.

16-ാം അദ്ധ്യായത്തിൽ ഈ ധനവാനെത്തന്നെ വളരെ സൗന്ദര്യമുള്ളവനായി, ചെമന്ന പട്ടും, മൃദുലവസ്ത്രങ്ങളും ധരിച്ചവനായി, സുഭിക്ഷമായി ഭക്ഷിച്ചും പാനം ചെയ്തും ജീവിതം ആസ്വദിക്കുന്നവനായി നാം കാണുന്നു. സംഭവം ധനവാന്റേയും ലാസറിന്റേയും ഉപമയാണ്. ഒരു രാത്രിയിൽ ദൈവം അവന്റെ ആത്മാവിനെ വിളിക്കുന്നുണ്ട്. പിന്നീടുള്ള സംഭവം ഒരു ചലച്ചിത്രം പോലെ നമ്മുടെ മനസ്സിലുണ്ടല്ലോ?

ലോകത്തിന്റെ കാഴ്ചയിൽ ജീവിതവിജയം കാൽക്കീഴിലെത്തിച്ച ഈ മനുഷ്യൻ എന്തുകൊണ്ട് ദൈവസന്നിധിയിൽ ഭോഷനായി. ഭൂമിയിൽ ഏറ്റവും മൂല്യമുള്ള അവന്റെ നിക്ഷേപത്തിന് സ്വർഗ്ഗത്തിൽ ഒരു നിക്ഷേപം പോലും ഉണ്ടാക്കുവാൻ കഴിഞ്ഞില്ല. എന്തുകൊണ്ട്? ധനത്തെക്കുറിച്ചുള്ള ചില വിചാരങ്ങൾ അതിനുള്ള ഉത്തരം തരും. ധനം നമ്മെ ദൈവത്തിൽനിന്നകറ്റുന്നു. താല്ക്കാലികമായി ദൈവത്തിന്റെ സ്ഥാനത്ത് ധനം നിലയുറപ്പിക്കുന്നു. ചോദിക്കുന്നതെന്തും ആഗ്രഹിക്കുന്നതെന്തും ലഭിക്കുന്നു. ധനത്തിന് ഉപ്പുവെള്ളത്തിന്റെ സ്വഭാവമുണ്ട്. കുടിക്കുംതോറും കൂടുതൽ കുടിക്കാൻ ദാഹം. സമ്പാദിക്കും തോറും കൂടുതൽ സമ്പാദിക്കാൻ മോഹം. പിന്നെ ദൈവസാന്നിദ്ധ്യസ്മരണകൾ ധനസാന്നിദ്ധ്യസ്മരണകളായി പരിണമിക്കും. ദൈവം ഹൃദയത്തിൽ ഇല്ലാത്ത ഒരവസ്ഥ സംജാതമാകും. ധനം ചിലരെ അലസരും നിഷ്ക്രിയരുമാക്കും, ധാരാളികളും താന്തോന്നികളുമാക്കും. ഒപ്പം ധനം വച്ചുനീട്ടുന്ന ഒരുപറ്റം തിന്മകളും അവനെ അനുഗമിക്കും. ഐ. പി. എൽ ചെയർമാൻ ലളിത് മോഡിയുടെ സംഭവം, ഇന്ത്യൻ ക്രിക്കറ്റ് ടീമംഗങ്ങൾക്ക് സംഭവിച്ചത് ഒക്കെ നമ്മുടെ സ്മൃതിപഥത്തിലുണ്ട്.

ഈ ധനികന്റെ സ്വത്ത് മണ്ണിൽ അദ്ധ്വാനിച്ചുണ്ടാക്കിയതാണ്. അനീതിയുടെ സ്പർശമില്ലാത്തതാണ് പക്ഷേ സ്വർഗ്ഗത്തിൽ നിക്ഷേപം ഉണ്ടാകുംവിധം അതുപയോഗിക്കാൻ അയാൾക്കു കഴിഞ്ഞില്ല. അതുകൊണ്ടവൻ ദൈവസന്നിധിയിൽ ഭോഷനായി തുടരുന്നു. ആകുലതകളിൽ മുഴുകുന്ന ഈ ധനവാൻ ഇങ്ങനെ ചിന്തിക്കുന്നു. ഞാനിനി എന്തുചെയ്യും. താൻ അറപ്പുരകളിൽ ശേഖരിച്ച ധാന്യങ്ങൾ കള്ളന്മാർ കവർച്ചചെയ്യില്ലെന്നാരറിഞ്ഞു. ചിതലരിക്കില്ലെന്നാരറിഞ്ഞു. ഇവിടെയാണ് ദൈവപരിപാലനയെക്കുറിച്ച് ലാവണ്യമുള്ള ചില ചിന്തകൾ ഈശോ നമ്മിലേക്കെത്തിക്കുന്നത്. പ്രകൃതിയുടേയും ജീവജാലങ്ങളുടേയും മുമ്പിലുള്ള ഈശോയുടെ ലളിതമായ ധ്യാനമാണിത്. കേൾക്കാൻ ചെവികൾക്ക് ഇമ്പകരവും പ്രായോഗികമാക്കാൻ കഠിനശ്രമവും ആവശ്യമുള്ള ചിലചിന്തകൾ. ഇവിടെ ആകാശത്തിലെ പക്ഷികൾ നിസ്വാർത്ഥതയുടെ പ്രതീകമാണ്. കാരണം, അവയ്ക്കായ് ഒന്നും കരുതി വയ്ക്കുന്നില്ല. നാളയെക്കുറിച്ച് ആകുലതയുണ്ടെങ്കിൽ അങ്ങനെ ചെയ്യുമായിരുന്നു. വയലിലെ ലില്ലികളെക്കുറിച്ചുള്ള ചിന്തകൾ നമുക്കറിയാം. താഴ്വരയിലെ നെൽവയലിന്റെയോ, ഗോതമ്പുവയലിന്റെയോ അരികുപറ്റി വളരുന്ന ചെടികളാണവ. ആരും നട്ടുപരിപാലിക്കുന്നതല്ല. അതിന് ദൈവം പരിപാലനയുടെ നേർത്ത മഞ്ഞും ഇളംകാറ്റും ജീവിതമൊരുക്കുന്നു. മനോഹരമായ അതിന്റെ പുഷ്പം ഇസ്രായേലിന്റെ രാജാവ്, ജ്ഞാനത്തിന്റെ രാജാവ് എന്നൊക്കെ അറിയപ്പെടുന്ന സോളമനേക്കാൾ മോടിയാണ്. ഈ മനുഷ്യൻപോലും സർവ്വാംഗ വിഭൂഷിതനായി പരിവാരങ്ങളോടൊപ്പം എഴുന്നള്ളിയാൽപ്പോലും അതിന് ലില്ലിപ്പൂവിന്റെ അലങ്കാരമില്ല. ഓർക്കുക പക്ഷിയുടെ കൂട്ടിൽ ദൈവം വെള്ളവും, ധാന്യവും കൊണ്ടുചെന്നു വച്ചുകൊടുക്കുന്നില്ല; അവ തേടി കണ്ടെത്തണം. ചെടി മണ്ണിൽ നിന്ന് വളവും ജലവും വലിച്ചെടുത്ത് വളരണം. ദൈവത്തിന്റെ പരിപാലനയിൽ വിശ്വാസം അർപ്പിച്ച് നമ്മളും ജീവിതസന്ധാരണത്തിനായ് അദ്ധ്വാനിക്കണം. നാളെകളിൽനിന്ന് ഉത്കണ്ഠകൾ കടമെടുത്ത് മനോഹരമായ ഇന്നിനെ നശിപ്പിക്കരുത്. ഇന്നിന്റെ ക്ലേശങ്ങളെ ധൈര്യപൂർവ്വം നേടുക വിജയിക്കുക. നാളയെക്കുറിച്ചും ആകുലതവേണ്ട ആകുലതകൊണ്ട് ഫലവുമില്ല. ആയുസ്സുകൂട്ടാനല്ല കുറയ്ക്കാനേ അതുപകരിക്കൂ.

സമ്പത്ത് നല്ലതാണ്, ആവശ്യവുമാണ്. അല്ലായിരുന്നുവെങ്കിൽ ഈശോ താലന്തുകളുടെ ഉപമ പറയുമായിരുന്നില്ല. ഐഹികജീവിതം മാത്രമല്ല, പാരത്രികജീവിതവും സ്വന്തമാക്കുവാൻ അതിനു കഴിയും. പക്ഷേ ധനത്തിന്റെ പാരത്രികമാനം അവഗണിച്ച് ലൗകീകമാനത്തിൽ നാം ഒതുങ്ങിക്കൂടുന്നു. അനന്തതയിലേക്ക് നീളുന്ന ആത്മചൈതന്യത്തിന് സാധകമാകാത്ത സമ്പത്ത് സാധകമായി മാറുന്ന അപകടം ഈശോ ചൂണ്ടിക്കാട്ടുന്നു. നീതിമാർഗ്ഗത്തിൽ സമ്പാദിക്കുക; സഹോദരസ്നേഹത്തോടെ ചെലവഴിക്കുക. അപ്പോൾ സമ്പത്ത് അനുഗ്രഹമാകും.

നിന്റെ അദ്ധ്വാനംകൊണ്ട് വിജയിക്കാവുന്നതിന്റെ അങ്ങേയറ്റം നീ കടക്കണം. ഒരിക്കലും ദൈവത്തെയോ സഹോദരനേയോ മറക്കരുത്. ദൈവത്തിനിടം നൽകുക സഹോദരനിടം നല്കുക. ദൈവസന്നിധിയിൽ ഏറ്റവും വലിയ ബുദ്ധിമാൻ നീ തന്നെ ആയിരിക്കും.

ഡീ. ലൈജു കരിവേലിക്കൽ.